# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5944      04/11/2016 -ൽ മറുപടിക്ക്

## മാതൃഭാഷാ പഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ എ.പി. അനിൽകുമാർ<br>" കെ.എസ്.ശബരീനാഥൻ<br>" വി.ടി.ബൽറാം<br>" കെ.സി.ജോസഫ് | പ്രൊ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

(എ) സംസ്ഥാനത്ത് സ്കൂളുകളിൽ പ്രീപ്രൈമറി തലം മുതൽ ഹയർ സെക്കന്ററി തലം വരെ മാതൃ ഭാഷാ പഠനത്തിന് ഊന്നൽ നൽകുവാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കാമോ ;

(എ) 1-9-2011 ലെ ജി.ഒ (പി) നമ്പർ 183/2011/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവനുസരിച്ച് സംസ്ഥാനത്ത മുഴുവൻ വിദ്യാലയങ്ങളിലും മലയാള ഭാഷാ പഠനം നിർബന്ധമാക്കിയിട്ടുണ്ട്. ഇ ത സംബന്ധിച്ച് പൊതുവായി നൽകിയിട്ടുള്ള നിർദേശങ്ങൾ താഴെപ്പറയുന്നവയാണ്.

1) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പത്താം ക്ലാസുവരെ മലയാളം നിർബന്ധ ഭാഷയായിരിക്കും.

2) കന്നട, തമിഴ്, ഗുജറാത്തി എന്നിവ മാതൃഭാഷയായുള്ള കുട്ടികൾക്ക് അവരുടെ മാതൃഭാഷ ഒന്നാം ഭാഷയായി തന്നെ പഠിക്കുവാൻ നിലവിലുള്ള

സംവിധാനം തുടരുന്നതാണ്. എന്നാൽ അവർക്ക് നിലവിലുള്ള ഭാഷയ്ക്ക് പുറമെ മലയാളം കൂടി പഠിക്കാൻ സൗഹചര്യം ഒരുക്കുന്നതാണ്.

3) അറബി, സംസ്കൃതം ഓറിയന്റൽ സ്കൂളുകളിലും ഒന്നാം ഭാഷ പാർട്ടു രണ്ടിൽ മലയാളം കൂടി പഠിപ്പിക്കും. പാർട്ടു രണ്ടിൽ രണ്ടു പേപ്പറുകളായി രിക്കും. പേപ്പർ ഒന്ന് അറബി / സംസ്കൃതം പേപ്പർ രണ്ട് മലയാളം.

4) എല്ലാ വിഭാഗം സ്കൂളുകളിലും ഒന്നാം ഭാഷ പാർട്ട് രണ്ടിൽ സ്പെഷ്യൽ ഇംഗ്ലീഷ് ഘട്ടംഘട്ടമായി ഒഴിവാക്കുന്ന താണ്. (ഗൾഫിലെയും ലക്ഷദ്വീപി ലെയും സ്കൂളുകൾ ഒഴിച്ച് , അവിടെ ഇപ്പോഴത്തെ സ്ഥിതി തുടരുന്നതാണ്.)

5) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ മറ്റു ബോർഡുകൾ എന്നിവയുടെ നിയന്ത്ര ണത്തിലുള്ള എല്ലാ സ്കൂളുകളിലും മലയാളം നിർബന്ധ വിഷയമായി പഠി പ്പിക്കേണ്ടതാണ്. വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കു ന്നതിന്റെ ഭാഗമായി ഇത്തരം സ്കൂളു കൾക്ക് നൽകുന്ന അംഗീകാര സർട്ടിഫി ക്കറ്റിൽ ഇതൊരു വ്യവസ്ഥയായി നിഷ്കർഷിക്കുന്നതാണ്.

6) ഫിഷറീസ് സ്കൂളുകളിൽ പാർട്ട് ഒന്ന് വിഭാഗത്തിൽ മലയാളം ഒന്നാം ഭാഷയായി പഠിക്കുന്നതിനാൽ തൽസ്ഥിതി തുടരുന്നതാണ്.

7) വൊക്കേഷണൽ ഹയർ സെക്കറി തലത്തിൽ നിലവിൽ ഇംഗ്ലീഷ് മാത്ര

മാണ് ഭാഷ എന്ന നിലയിൽ പഠിക്കാൻ അവസരമുള്ളത്. പകരം മലയാളം കൂടി പഠിക്കാൻ അവസരം ലഭ്യമാവും വിധം നടപടി ക്രമങ്ങൾ രൂപപ്പെടുത്തി

ഒരു മാസത്തിനകം റിപ്പോർട്ട് നൽകാൻ വൊക്കേഷണൽ ഹയർ സെക്കറി ഡയറക്ടറെ ചുമതലപ്പെടുത്തി.

8) ഹയർ സെക്കന്ററി വിദ്യാലയങ്ങളിൽ മലയാളം ഒന്നാം ഭാഷയാക്കുന്നതും ദേശീയ ഭാഷയായ ഹിന്ദി മറ്റു ഭാഷകളായ അറബി, ഉറുദു സംസ്കൃതം തുടങ്ങിയവരുടെയും പ്രധാന്യം ഉൾക്കൊണ്ടും പ്രായോഗിക നിർദ്ദേശങ്ങൾ അടങ്ങിയ ഒരു റിപ്പോർട്ട് സമർപ്പിക്കാൻ ഹയർ സെക്കറി ഡയറക്ടറെ ചുമലപ്പെടുത്തി.

ഈ ഉത്തരവ് പാലിക്കുന്നതിന് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.സി.എസ്.ഇ, സി.ബി.എസ്.സി സ്കൂളുകൾ, കേന്ദ്രീയ വിദ്യാലയങ്ങൾ എന്നിവ വിമുഖത കാണിച്ചതിന്റെ അ ടിസ്ഥാനത്തിൽ 10-5-2012-ൽ പൊതു വിദ്യാഭ്യാസ സെക്രട്ടറി ഇത്തരം സ്ഥാപനങ്ങളുടെ ഒരു യോഗം വിളിച്ചുചേർക്കുകയും, മലയാള ഭാഷാപഠനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് കർശനമായി പാലിക്കുന്നതിന് നിർദേശം നൽകുകയും ചെയ്തിരുന്നു. 14/9/2012 ലെ ബഹു: ഹൈക്കോടതിയുടെ ഡബ്ല്യു.പി.(സി) നമ്പർ 2435/2012 (ഡി) പ്രകാരം ഐ.സി.എസ്.ഇ, സി.ബി.എസ്.ഇ സ്കൂളുകൾ കേന്ദ്രീയ വിദ്യാലയങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടെ സിലബസ് തയ്യാറാക്കുന്നത് എൻ.സി.ഇ.ആർ.റ്റി ആകയാൽ ഇത്തരം സ്ഥാപനങ്ങളുടെ പാഠ്യപദ്ധതിയിൽ മാറ്റം വരുത്തുന്നതിന് സംസ്ഥാന

സർക്കാരിന് അധികാരമില്ലെന്ന് ഉത്തരവായിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം സ്കൂളുകളിലെ മലയാള ഭാഷാപഠനത്തിന് ചില സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട് എന്നാൽ ഇത്തരം ചില വിദ്യാലയങ്ങൾ ഇപ്പോൾ സ്വമേധയാ മലയാള ഭാഷാപഠനത്തിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

സംസ്ഥാന സ്കൂളുകളിൽ മാതൃഭാഷ പഠനത്തിന് ഊന്നൽ നൽകുന്നതിന് പാഠ്യപദ്ധതി പരിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട് ഇതിന്റെ ഭാഗമായി മാതൃഭാഷാ പാഠപുസ്തകങ്ങൾ പരിഷ്ക്കരിച്ച് ശാസ്ത്രീയമായി തയ്യാറാക്കി പഠിപ്പിച്ച് വരുന്നു. പ്രൈമറി, സെക്കന്ററി തലത്തിലെ എല്ലാ വിദ്യാലയങ്ങളിലും മാതൃഭാഷാ മാധ്യമത്തിൽ തന്നെ പഠനം നടത്തുന്നതിനുള്ള സാഹചര്യം പഠിതാക്കൾക്കായി ഒരുക്കിയിട്ടുണ്ട് കൂടാതെ അധ്യാപക പരിശീലനത്തിനും ഈ വിഷയത്തിന് വേണ്ടത്ര ഊന്നൽ നൽകിയിട്ടുണ്ട്. ഹയർ സെക്കന്ററി പഠന മാധ്യമം ഇംഗ്ലീഷ് ആണെങ്കിലും ചോദ്യങ്ങൾ മാതൃ ഭാഷയിൽ കൂടി നൽകിയിട്ട് ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് ഉത്തരങ്ങൾ മാതൃഭാഷയിലും എഴുതാവുന്നതാണ്. അപ്പർ പ്രൈമറി തലം മുതൽ ഒന്നാം ഭാഷയായി മറ്റ് ഭാഷകൾ പഠിക്കുന്നവർക്ക് മാതൃഭാഷ പഠിക്കുന്നതിനായി അടിസ്ഥാന പാഠാവലി തയ്യാറാക്കിയിട്ടുണ്ട്

(ബി നിലവിലുള്ള ഏതെല്ലാം പദ്ധതിക ളാണ് ഇതിനു വേണ്ടി പ്രയോജനപ്പെടു ത്താൻ ഉദ്ദേശിക്കുന്നത്;

സി) എന്തെല്ലാം പുതിയ പദ്ധതികളാണ് ഇ തിന് വേണ്ടി ആവിഷ്കരിച്ചു നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

**(ബിയും സീയും)**

മാതൃഭാഷാ പഠനം ശാസ്ത്രീയവും, കാര്യക്ഷമവും ആകുന്നതിന് വിവിധ കർമ്മ പരിപാടികൾ എസ്.എ സ്.എ, ആർ.എം.എസ്.എ എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പാ ക്കുന്ന കാര്യം പരിശോധിച്ച് വരുന്നു . കേരളപ്പിറവി ദിനത്തിൽ സാഹിത്യ സാംസ്കാരിക നായകരെ പങ്കെടുപ്പിച്ച് കൊണ്ട് സാമൂഹ്യ അവബോധം സൃഷ്ടിക്കുന്നതിനായി 14 ജില്ലകളിലും ' "മാതൃഭാഷയും പൊതുവിദ്യാഭ്യാസവും" എന്ന പേരിൽ സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. മാതൃഭാഷാ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി "എന്റെ മല യാളം" പദ്ധതി നടപ്പാക്കാൻ എസ്.എ സ്.എ തീരുമാനിച്ചിട്ടുണ്ട് .

**സെക്ഷൻ ഓഫീസർ**